# കേരള സർക്കാർ


**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**


**ഡിസംബർ 15**

**December 15** **2018**

***1193 വൃശ്ചികം 29 ശനി***

# പത്രക്കുറിപ്പ് -1


www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657


**എംപ്ലോയബിലിറ്റി രജിസ്ട്രേഷൻ**

അടൂർ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ എംപ്ലോയബിലിറ്റി രജിസ്ട്രേഷൻ ഈ മാസം 20ന് നടത്തും. കൊല്ലം ജില്ലാ എംപ്ലോയബിലിറ്റി സെന്ററും അടൂർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുമായി ചേർന്നാണ് രജിസ്ട്രേഷൻ ഒരുക്കിയിരിക്കുന്നത്. രജിസ്റ്റർ ചെയ്യുന്ന എല്ലാ ഉദ്യോഗാർഥികൾക്കും ആഴ്ചതോറുമുള്ള ഇന്റർവ്യൂകളിലും തൊഴിൽ മേളകളിലും പങ്കെടുക്കാം. കൂടാതെ ഇന്റർവ്യൂ പരിശീലനവും വ്യക്തിത്വ വികസനത്തിനുള്ള ക്ലാസുകളും എംപ്ലോയബിലിറ്റി സെന്റർ വഴി നൽകും. താത്പര്യമുള്ള, 18നും 35നും മധ്യേ പ്രായമുള്ള ഉദ്യോഗാർഥികൾ രാവിലെ 10ന് ആധാർ കാർഡുമായി ഹാജരാകണം. ഫോൺ: 9995794641, 0474 2740615. (പിഎൻപി 4050/18)

**അദാലത്ത് 22ന്**

ചെന്നീർക്കര ഗ്രാമപഞ്ചായത്തിൽ പുതുതായി സാമൂഹ്യസുരക്ഷാ പെൻഷന് അപേക്ഷിക്കുയും വിവിധ കാരണങ്ങളാൽ അപേക്ഷ നിരസിക്കുകയും ചെയ്തിട്ടുള്ളവരുടെ അപേക്ഷകളിന്മേലുള്ള അപ്പീൽ പരിശോധിച്ച് തീർപ്പാക്കുന്നതിന് ഈ മാസം 22ന് രാവിലെ 10.30ന് ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ അദാലത്ത് നടത്തും.

(പിഎൻപി 4051/18)

**ഹ്രസ്വകാല തൊഴിലധിഷ്ഠിത കോഴ്സുകൾക്ക് അപേക്ഷിക്കാം**

അടൂർ ഗവൺമെന്റ് പോളിടെക്നിക്ക് കോളജിലെ കണ്ടിന്യൂയിംഗ് എഡ്യുക്കേഷൻ

സെല്ലിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന അലൂമിനിയം ഫാബ്രിക്കേഷൻ, ആട്ടോകാഡ്, ഡിസിഎ എന്നീ ഹ്രസ്വകാല തൊഴിലധിഷ്ഠിത കോഴ്സുകളിലേക്ക് അപേക്ഷിക്കാം. ഫോൺ: 8547464470, 9446962201. (പിഎൻപി 4052/18)

## പട്ടികജാതി പ്രൊമോട്ടർ ഒഴിവ്

ജില്ലയിൽ വിവിധ പഞ്ചായത്തുകളിലും നഗരസഭകളിലും പട്ടികജാതി പ്രൊമോട്ടർമാരായി നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. പ്രീഡിഗ്രി/പ്ലസ്ടു പാസായ, 18നും 40നും മധ്യേ പ്രായമുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് അപേക്ഷിക്കാം. കൂടുതൽ വിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് മുൻഗണന ലഭിക്കും. എസ്എസ്എൽസി യോഗ്യതയുള്ള, പട്ടികജാതി മേഖലയിൽ പ്രവർത്തിക്കുന്ന സാമൂഹ്യപ്രവർത്തകർക്കും അപേക്ഷിക്കാം. ഇവരുടെ ഉയർന്ന പ്രായപരിധി 50 വയസാണ്. ഈ വിഭാഗത്തിൽപ്പെടുന്നവർ മൂന്ന് വർഷത്തിൽ കുറയാതെ സാമൂഹ്യപ്രവർത്തനം നടത്തുന്നവരാണെന്ന റവന്യു അധികാരികളുടെ സാക്ഷ്യപത്രവും വിദ്യാഭ്യാസ യോഗ്യത, വയസ് എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റ്/ടി.സിയുടെ പകർപ്പ് എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കണം.

താത്പര്യമുള്ളവർ നിശ്ചിത മാതൃകയിലുള്ള അപേക്ഷ ജാതി, വയസ്, വിദ്യാഭ്യാസ യോഗ്യത, സ്ഥിരമായി താമസിക്കുന്ന പഞ്ചായത്ത്/മുനിസിപ്പാലിറ്റി എന്നിവ തെളിയിക്കുന്ന സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകൾ സഹിതം ഈ മാസം 27ന് വൈകിട്ട് അഞ്ചിനകം ജില്ലാ പട്ടികജാതി വികസന ഓഫീസിൽ ലഭ്യമാക്കണം. പ്രൊമോട്ടർമാരായി തെരഞ്ഞെടുക്കപ്പെടുന്നവർക്ക് പ്രതിമാസം 7000 രൂപയും പ്രീമെട്രിക് ഹോസ്റ്റൽ പ്രവർത്തിക്കുന്ന പഞ്ചായത്തിലെ പ്രമോട്ടർക്ക് റസിഡന്റ് ട്യൂട്ടറുടെ അധിക ചുമതല വഹിക്കേണ്ടതിനാൽ 7500 രൂപയും ഓണറേറിയം ലഭിക്കും. റസിഡന്റ് ട്യൂട്ടറുടെ ചുമതല വഹിക്കുന്ന പ്രമോട്ടർക്ക് കുറഞ്ഞ യോഗ്യത ബിരുമാണ്. ബി.എഡ് യോഗ്യതയുള്ളവർക്ക് മുൻഗണന ലഭിക്കും. നിയമനം പരമാവധി ഒരു വർഷമാണ്. അപേക്ഷകരെ അവർ സ്ഥിരതാമസമാക്കിയിട്ടുള്ള പഞ്ചായത്ത്/മുനിസിപ്പാലിറ്റികളിലെ ഒഴിവിലേക്ക് മാത്രമേ പരിഗണിക്കൂ.

ഒരു തദ്ദേശഭരണ സ്ഥാപനത്തിൽ യോഗ്യരായ അപേക്ഷകർ ഇല്ലെങ്കിൽ സമീപ പഞ്ചായത്തിലെ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുന്നവരെ പരിഗണിക്കും. പ്രൊമോട്ടർമാരായി നിയോഗിക്കപ്പെടുന്നവർക്ക് സ്ഥിരം നിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല. മുമ്പ് പ്രൊമോട്ടറായി പ്രവർത്തിച്ചിരുന്ന കാലയളവിൽ വിജിലൻസ് കേസിൽ ഉൾപ്പെടുകയോ അച്ചടക്കനടപടിയുടെ ഭാഗമായി പിരിച്ചുവിടുകയോ ചെയ്തവരുടെ അപേക്ഷ പരിഗണിക്കില്ല.

അപേക്ഷയുടെ മാതൃകയും വിശദ വിവരങ്ങളും ജില്ലാ പട്ടികജാതി വികസന ഓഫീസ്, ബ്ലോക്ക്, മുനിസിപ്പൽ പട്ടികജാതി വികസന ഓഫീസ് എന്നിവിടങ്ങളിൽ ലഭിക്കും.

കുന്നന്താനം, കോട്ടാങ്ങൽ, ആനിക്കാട്, മല്ലപ്പള്ളി, കവിയൂർ, കൊറ്റനാട്, എഴുമറ്റൂർ, ചെറുകോൽ, കോഴഞ്ചേരി, ഓമല്ലൂർ, മല്ലപ്പുഴശേരി, വടശേരിക്കര, പഴവങ്ങാടി, റാന്നി, വള്ളിക്കോട്, പ്രമാടം, കോന്നി, മൈലപ്ര, മലയാലപ്പുഴ, മെഴുവേലി, ആറന്മുള, ചെന്നീർക്കര, ഇലന്തൂർ, കടമ്പനാട്, പള്ളിക്കൽ, ഏനാദിമംഗലം, ഏറത്ത്, ഏഴംകുളം, കലഞ്ഞൂർ, കൊടുമൺ എന്നീ പഞ്ചായത്തുകളിലും പത്തനംതിട്ട, പന്തളം, തിരുവല്ല, അടൂർ എന്നീ മുനിസിപ്പാലിറ്റികളിലുമാണ് നിയമനം. (പിഎൻപി 4053/18)

## ഗ്യാസ് ക്രിമിറ്റോറിയം നിർമ്മാണ ഉദ്ഘാടനം

പറക്കോട് ബ്ലോക്ക് പഞ്ചായത്ത് ഏറത്ത് ഗ്രാമ പഞ്ചായത്തിലെ ജനശക്തി വാർഡിൽ നിർമിക്കുന്ന ഗ്രാസ് ക്രിമിറ്റോറിയത്തിന്റെ നിർമ്മാണ ഉദ്ഘാടനം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബീനാ പ്രഭ നിർവഹിച്ചു.

പറക്കോട് ബ്ലോക്ക് പഞ്ചായത്ത് 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 65 ലക്ഷം രൂപ ചിലവഴിച്ചാണ് ആധുനിക രീതിയിലുള്ള ഗ്യാസ് ക്രിമിറ്റോറിയം നിർമിക്കുന്നത്.

ഏറത്ത് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് പ്രസന്ന വിജയകുമാർ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ജില്ലാ പഞ്ചായത്ത് അംഗം റ്റി.മുരുകേഷ്, പറക്കോട് ബ്ലോക്ക് പഞ്ചായത്ത് ക്ഷേമ കാര്യസ്ഥിരം സമിതി അധ്യക്ഷ ആർ.ഷീല, ആരോഗ്യ വിദ്യാഭ്യാസ സമിതി അധ്യക്ഷ നിഖില ജിജു തരകൻ, അംഗങ്ങളായ ഏഴംകുളം അജു, മായ ഉണ്ണികൃഷ്ണൻ ഏറത്ത് ഗ്രാമ പഞ്ചായത്ത് വികസകാര്യ സ്ഥിരം സമിതി അധ്യക്ഷൻ ബി.രാജേഷ് കുമാർ, അംഗങ്ങളായ റോസമ്മ ഡാനിയൽ, അജി കുമാർ ബാബു ചന്ദ്രൻ, ബ്ലോക്ക് പഞ്ചായത്ത് അംഗം ആശാ ഷാജി , ജോയിന്റ് .ബി.ഡി.ഒ വി.ശശികുമാർ, എൽ.എസ്.ജി.ഡി അസി.എൻജിനീയർ ശ്രീജാ കുഞ്ഞമ്മ എന്നിവർ സംസാരിച്ചു. (പിഎൻപി 4054/18)

## ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കണം

കേരളാ കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്, കായംകുളം ജില്ലാ എക്സിക്യൂട്ടീവ് ഓഫീസിൽ നിന്നും പെൻഷൻ കൈപ്പറ്റുന്നവരിൽ ഇനിയും ലൈഫ് സർട്ടിഫിക്കറ്റ് നൽകാത്തവർ ഈ മാസം 26ന് മുൻപ് നൽകണം. ലൈഫ് സർട്ടിഫിക്കറ്റ് നൽകാത്തവർക്ക് തുടർന്നുള്ള പെൻഷൻ അനുവദിക്കുന്നതല്ല. ലൈഫ് സർട്ടിഫിക്കറ്റ് കൂടാതെ പെൻഷൻ പാസ്ബുക്ക്, ആധാർ കാർഡ്, ബാങ്ക് പാസ്ബുക്ക്, എന്നിവയുടെ പകർപ്പും ഹാജരാക്കേണ്ടതാണ്. ക്ഷേമനിധി ബോർഡിന്റെ കായംകുളം, ചവറ, ഭരണിക്കാവ്,ഇരിങ്ങാലക്കുട എന്നി ഇൻസ്പെക്ടർ ഓഫീസുകളിൽ ലൈഫ് സർട്ടിഫിക്കറ്റ് നൽകാം. ഓഫീസിൽ നേരിട്ട് ഹാജരാകുന്നവർ പെൻഷൻ പാസ്ബുക്ക്, ആധാർ കാർഡ്, ബാങ്ക് പാസ്ബുക്ക്, എന്നിവയുടെ പകർപ്പ് മാത്രം ഹാജരാക്കിയാൽ മതിയെന്ന് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ ആർ. സജീവ് അറിയിച്ചു. (പിഎൻപി 4055/18)

## ഫാർമസിസ്റ്റ് ഒഴിവ്

കൊറ്റനാട് ഹോമിയോ ആശുപത്രിയിൽ നാഷണൽ ആയുഷ് മിഷൻ അനുവദിച്ച ഫാർമസിസ്റ്റ് തസ്തിയിലേക്ക് ദിവസവേതന അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് സർക്കാർ അംഗീകൃത എൻ.സി.പി/സി.സി.പി യോഗ്യതയുള്ളവർക്കുള്ള കൂടിക്കാഴ്ച ഈ മാസം 19ന് രാവിലെ 10 ന് അടൂർ റവന്യൂ ടവറിലെ ജില്ലാ ഹോമിയോ മെഡിക്കലാഫീസിൽ നടക്കും. ഫോൺ: 04734 226063. (പിഎൻപി 4056/18)

## സർട്ടിഫിക്കറ്റ് പരിശോധന

തിരുവല്ല എംജിഎംഎച്ച്എസ്എസ് പരീക്ഷാ കേന്ദ്രമായി കഴിഞ്ഞ ഒക്ടോബർ മാസം കെ.ടെറ്റ് പരിക്ഷയെഴുതി പാസായ ഉദ്യോഗാർഥികളുടെ സർട്ടിഫിക്കറ്റ് പരിശോധന ഈ മാസം 19 മുതൽ 22 വരെ ഉച്ചയ്ക്ക് ശേഷം രണ്ട് മുതൽ തിരുവല്ല ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നടക്കും. കെ.ടെറ്റ് മാർക്ക് ലിസ്റ്റ്, മാർക്ക് റിലാക്സേഷൻ അർഹതയുള്ളവർ ബന്ധപ്പെട്ട അധികാരികളിൽ നിന്നുള്ള സർട്ടിഫിക്കറ്റും യോഗ്യതാ സർട്ടിഫിക്കറ്റുകളുടെ അസലും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും ഹാജരാക്കണമെന്ന് ജില്ലാ വിദ്യാഭ്യാസ ഓഫീസർ അറിയിച്ചു. (പിഎൻപി 4057/18)

## യോഗം 18ന്

ആരോഗ്യ വകുപ്പ് ജില്ലയിൽ നടപ്പാക്കുന്ന ദേശീയ പുകയില നിയന്ത്രണ പരിപാടിയുടെ ഭാഗമായുള്ള ജില്ലാ ഉന്നതതല യോഗം 18ന് ഉച്ചയ്ക്ക് ശേഷം രണ്ടിന് എഡിഎംന്റെ

ചേംബറിൽ ചേരും. (പിഎൻപി 4058/18)

## വനിതാ മതിൽ: പഞ്ചായത്തുതല സംഘാടക സമിതികൾ 20ന് മുമ്പ് ചേരും

നവോത്ഥാനമൂല്യങ്ങൾ, സ്ത്രീപുരുഷ സമത്വം എന്നിവ ഉയർത്തിപ്പിടിക്കുന്നതിനായി 2019 ജനുവരി ഒന്നിന് കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ സംഘടിപ്പിക്കുന്ന വനിതാ മതിലിന്റെ പഞ്ചായത്തുതല സംഘാടക സമിതികൾ 20ന് മുമ്പ് ചേരുന്നതിന് ജില്ലാ കളക്ടർ പി.ബി.നൂഹിന്റെ അധ്യക്ഷതയിൽ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന തദ്ദേശഭരണ അധ്യക്ഷരുടെയും രാഷ്ട്രീയപാർട്ടി പ്രതിനിധികളുടെയും യോഗത്തിൽ തീരുമാനമായി.

വനിതാമതിലുമായി ബന്ധപ്പെട്ട സംഘാടക സമിതികൾ ഉടൻ വിളിച്ചുചേർക്കാൻ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്കും നിർദേശം നൽകുമെന്ന് ജില്ലാ കളക്ടർ പറഞ്ഞു. വാർഡുതല സംഘാടക സമിതികൾ 23ന് മുമ്പ് രൂപീകരിക്കണം. പഞ്ചായത്ത്/നഗരസഭാതല യോഗങ്ങളിൽ നവോത്ഥാന പാരമ്പര്യമുള്ള സംഘടനകൾ, വിദ്യാർഥി, യുവജന സംഘടനകൾ, മറ്റ് ബന്ധപ്പെട്ട സംഘടനകൾ എന്നിവരുടെ പങ്കാളിത്തം അതത് തദ്ദേശ സ്ഥാപന സെക്രട്ടറിമാർ ഉറപ്പുവരുത്തണം. സർക്കാർ ജീവനക്കാരുടെയും കുടുംബശ്രീ പ്രവർത്തകരുടെയും തൊഴിലുറപ്പ് തൊഴിലാളികളുടെയും അങ്കണവാടി പ്രവർത്തകരുടെയും ആശ വർക്കർമാരുടെയും പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുള്ള നിർദേശങ്ങൾ ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകുമെന്ന് ജില്ലാ കളക്ടർ അറിയിച്ചു. ജില്ലയിൽ 1,45,000ഓളം കുടുംബശ്രീ അംഗങ്ങളും 25,000ഓളം തൊഴിലുറപ്പ് തൊഴിലാളികളും 2,500ഓളം അങ്കണവാടി പ്രവർത്തകരുമാണുള്ളത്. കുടുംബശ്രീ വനിതകളുടെ പങ്കാളിത്തം കുടുംബശ്രീ ജില്ലാ മിഷനും തൊഴിലുറപ്പ് തൊഴിലാളികളുടേത് ദാരിദ്ര്യലഘൂകരണ വിഭാഗവും അങ്കണവാടി പ്രവർത്തകരുടേത് വനിതാ ശിശുക്ഷേമ വകുപ്പും ആശ വർക്കർമാരുടേത് ജില്ലാ മെഡിക്കൽ ഓഫീസും(ആരോഗ്യം) ഉറപ്പുവരുത്തണമെന്ന് ജില്ലാ കളക്ടർ നിർദേശിച്ചു. പതിനായിരത്തോളം സ്കൂൾ, കോളജ് വിദ്യാർഥിനികളെ മതിലിൽ പങ്കെടുപ്പിക്കുന്നതിനുള്ള ക്രമീകരണങ്ങളും സ്വീകരിച്ചിട്ടുണ്ടെന്ന് ജില്ലാ കളക്ടർ പറഞ്ഞു. സർക്കാർ ജീവനക്കാരുടെ പങ്കാളിത്തവും മതിലിൽ ഉറപ്പുവരുത്തും.

അരൂർ മുതൽ ഓച്ചിറ വരെയുള്ള 97 കിലോമീറ്റർ ഭാഗത്ത് പത്തനംതിട്ട ജില്ലയിൽ നിന്നുള്ള 60000ൽ അധികം വനിതകളാണ് മതിലിൽ അണിചേരുക. ജനുവരി ഒന്നിന് വൈകിട്ട് മൂന്നിന് മതിലിൽ പങ്കെടുക്കേണ്ടവരെ നിശ്ചിത സ്ഥലത്ത് എത്തിച്ച് 3.45ന് റിഹേഴ്സൽ നടക്കും. നാലിന് മതിൽ തീർക്കും. വനിതാമതിലിന് ശേഷം നിശ്ചിത സ്ഥലങ്ങളിൽ പ്രതിജ്ഞയും യോഗവും നടക്കും. നവോത്ഥാന സന്ദേശങ്ങൾ ജനങ്ങളിലെത്തിക്കുന്നതിന് വനിതാമതിലിന് മുന്നോടിയായി രണ്ട് ലക്ഷം ലഘുലേഖകൾ ജില്ലയിൽ വിതരണം ചെയ്യും. എല്ലാ പഞ്ചായത്തുകളിലും മതിലിന് മുന്നോടിയായി വിളംബരജാഥകൾ സംഘടിപ്പിക്കും.

വനിതാ മതിലിൽ പങ്കെടുക്കുന്നവരെ ദേശീയപാതയിൽ എത്തിക്കുന്നതിനായി 1200 ഓളം ബസുകളാണ് ആവശ്യമായി വരുക. ഇതിൽ 300 ബസുകൾ എസ്എൻഡിപി യൂണിയൻ ശാഖകൾ ക്രമീകരിക്കും. ബാക്കി സ്വകാര്യ ബസുകളും സ്കൂൾ, കോളജ് വാഹനങ്ങളും സ്വകാര്യ വാഹനങ്ങളും ഉപയോഗിച്ച് എത്തിക്കും. വനിതാമതിലിന് ആളുകളെ എത്തിക്കുന്നതിന് ബസുകളുടെ ചെലവ് വിവിധ സംഘടനകളും രാഷ്ട്രീയപാർട്ടികളുമാണ് വഹിക്കുന്നത്.

വനിതാമതിലിന്റെ വിജയകരമായ സംഘാടനത്തിനുള്ള എല്ലാ ക്രമീകരണങ്ങളും പൂർത്തിയാക്കിയിട്ടുള്ളതായി സിപിഎം ജില്ലാ സെക്രട്ടറി കെ.പി.ഉദയഭാനു പറഞ്ഞു. പഞ്ചായത്തുതല യോഗങ്ങളിൽ അധികം വേണ്ട ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിന് ശ്രദ്ധിക്കണമെന്നും അദ്ദേഹം പറഞ്ഞു. നവോത്ഥാന മൂല്യങ്ങൾ യുവതലമുറയിൽ എത്തിക്കുന്നതിന് നട

ത്തുന്ന ഈ പരിപാടിയുടെ വിജയത്തിനായി തദ്ദേശഭരണ ഭാരവാഹികളും രാഷ്ട്രീയപ്രവർത്തകരും കൃത്യമായ ഇടപെടലുകൾ നടത്തണമെന്നും സമൂഹത്തിലെ എല്ലാ വിഭാഗത്തിൽ നിന്നുള്ളവരുടെയും പങ്കാളിത്തം മതിലിൽ ഉറപ്പാക്കുന്നതിന് രാഷ്ട്രീയപാർട്ടികളോടൊപ്പം സർക്കാർ സംവിധാനങ്ങളുടെ ഭാഗത്തുനിന്നും കാര്യക്ഷമമായ പ്രവർത്തനങ്ങൾ ഉണ്ടാകണമെന്നും സിപിഐ ജില്ലാ സെക്രട്ടറി എ.പി.ജയൻ പറഞ്ഞു.

യോഗത്തിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരായ പി.കെ.തങ്കമ്മ, ഗിരിജ മധു, ബീനപ്രഭ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്സ് അസോസിയേഷൻ പ്രസിഡന്റ് മോഹൻരാജ് ജേക്കബ്, തദ്ദേശഭരണ ഭാരവാഹികളായ കുഞ്ഞന്നാമ്മ കുഞ്ഞ്, എ.ആർ.അജീഷ് കുമാർ, കടമ്മനിട്ട കരുണാകരൻ, കെ.ജയലാൽ, റജി ശാമുവൽ, പ്രീതാ രമേശ്, ജി.പ്രസന്നകുമാരി, ലതാ പ്രസാദ്, ഷിബു വർഗീസ്, മിനി ശ്യാം മോഹൻ, ഗീത വിജയൻ, ഗോപാലകൃഷ്ണക്കുറുപ്പ്, ജി. പ്രസാദ്, വിവിധ രാഷ്ട്രീയകക്ഷി നേതാക്കളായ അലക്സ് കണ്ണമല, സാംകുട്ടി പാലയ്ക്കാമണ്ണിൽ, ബി.ഷാഹുൽ ഹമീദ്, എസ്എൻഡിപി പ്രതിനിധി ടി.പി.സുന്ദേരേശൻ, ജില്ലാ ഇൻഫർമേഷൻ ഓഫീസർ സി.മണിലാൽ തുടങ്ങിയവർ പങ്കെടുത്തു.

(പിഎൻപി 4059/18)

## ഭരണഘടന സാക്ഷരത:പരിശീലനം നാളെ (17) തുടങ്ങും

സംസ്ഥാന നിയമസഭയും സാക്ഷരതാ മിഷനും സംയുക്തമായി സംഘടിപ്പിക്കുന്ന ഭരണഘടനാ സാക്ഷരത ജനകീയ വിദ്യാഭ്യാസ പരിപാടിയുടെ റിസോഴ്സ് പേഴ്സൺമാരുടെ പരിശീലനം നാളെ ആരംഭിക്കും. നാളെ ഉച്ചയ്ക്ക് ശേഷം രണ്ടിന് ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ നടക്കുന്ന പരിശീലനത്തിൽ റാന്നി, കോന്നി, ഇലന്തൂർ ബ്ലോക്കുകളുടെ പരിധിയിൽ വരുന്ന ഗ്രാമപഞ്ചായത്തുകളിലെയും പത്തനംതിട്ട നഗരസഭയിലെയും റിസോഴ്സ് പേഴ്സൺമാർ പങ്കെടുക്കും. 18ന് തിരുവല്ല ഡയറ്റ് ഹാളിൽ നടക്കുന്ന പരിശീലനത്തിൽ കോയിപ്രം, പുളിക്കീഴ്, മല്ലപ്പള്ളി ബ്ലോക്കുകളിലെയും, തിരുവല്ല നഗരസഭയിലെയും റിസോഴ്സ് പേഴ്സൺമാരും 19ന് പന്തളം ബ്ലോക്ക് ഓഫീസ് ഹാളിൽ നടക്കുന്ന പരിശീലനത്തിൽ പറക്കോട്, പന്തളം ബ്ലോക്ക് പഞ്ചായത്തുകളിലെയും പന്തളം, അടൂർ നഗരസഭകളിലെയും റിസോഴ്സ് പേഴ്സൺമാരും പങ്കെടുക്കുമെന്ന് സാക്ഷരതാ മിഷൻ ജില്ലാ കോ-ഓർഡിനേറ്റർ ഡോ.വി.വി.മാത്യു അറിയിച്ചു. (പിഎൻപി 4060/18)

## പെൻഷൻ അദാലത്ത്

ഏനാദിമംഗലം ഗ്രാമപഞ്ചായത്തിൽ സാമൂഹ്യസുരക്ഷാ പെൻഷന് അപേക്ഷ സമർപ്പിച്ചവരിൽ വിവിധ കാരണങ്ങളാൽ അപേക്ഷ നിരസിച്ചിവർക്കായി ഈ മാസം 22ന് പകൽ 11ന് പഞ്ചായത്ത് ആഫീസിൽ അദാലത്ത് നടത്തും. ഇതിലേക്കുള്ള അപേക്ഷ 17വരെ പഞ്ചായത്ത് ഓഫീസിൽ സ്വീകരിക്കുമെന്ന് സെക്രട്ടറി അറിയിച്ചു. (പിഎൻപി 4061/18)

## കവിയൂർ പുഞ്ച വിതയുത്സവം നടത്തി :
## പ്രവർത്തനങ്ങൾ മാതൃകയെന്ന് അഡ്വ: മാത്യു.ടി.തോമസ് എം.എൽ.എ

കവിയൂർ പുഞ്ചയിലെ പ്രവർത്തനങ്ങൾ എല്ലാവർക്കും മാതൃകയെന്ന് തിരുവല്ല എം.എൽ.എ അഡ്വ.മാത്യു.ടി.തോമസ്. തിരുവല്ലക്ക് സമീപം കിഴക്കൻ മുത്തൂർ നാട്ടുകടവിൽ കവിയൂർ പുഞ്ചയിലെ വിതയുത്സവം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു എം.എൽ.എ. വിത്ത് വിതച്ചതോടുകൂടി ഉദ്യമം അവസാനിക്കുന്നില്ലെന്നും കൂടുതൽ പ്രദേശങ്ങളിൽ കൃഷി വ്യാപിപ്പിക്കാൻ കഴിയണമെന്നും, നെല്ല് സംസ്കരിച്ചെടുത്ത് അരിയായി കവിയൂർ പുഞ്ച ബ്രാൻഡിൽ അരി വിപണനം നടത്തണമെന്നും അദ്ദേഹം പറഞ്ഞു. നാലുമണിക്കാറ്റിന്റെ മാതൃകയിൽ പാടശേഖരത്തെ ഒരുക്കിയെടുക്കാൻ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ മുന്നോട്ട് വരണം,

ഇതിനോടനുബന്ധിച്ച് ഇരുപത്തിമൂന്ന് കോടി രൂപയുടെ പദ്ധതിയിൽ കുറ്റൂർ മുതൽ മുത്തൂർ വരെയുള്ള റോഡ് നിർമാണത്തിനായി കരാർ ഒപ്പിട്ട് കഴിഞ്ഞു. 1400 ഏക്കറുള്ള കവിയൂർ പുഞ്ചയുടെ ഡിജിറ്റൽ മാപ്പിംഗ് പൂർത്തിയായപ്പോൾ കൃഷിയോഗ്യമായിയുള്ളത് 850 ഓളം ഏക്കറാണ്. 30-35 കിലോമീറ്ററുകൾ ദൈർഘ്യമുള്ള മൂന്നു വലിയതോടുകളും, കൈതോടുകളും, തോടിന്റെ ചിറകളും എല്ലാം ചേരുന്ന വിസ്തൃതിയാണ് ഇത്. ആകെയുള്ള പാടശേഖരത്തിൽ 150-200 ഏക്കറിൽ മാത്രമാണ് കഴിഞ്ഞ കുറേ വർഷങ്ങളിലായി കൃഷി ചെയ്യുന്നത്. ശേഷിക്കുന്നതുൾപ്പെടെ പൂർണമായി ഈ വർഷം കൃഷിയിറക്കും. തിരുവല്ല നഗരസഭ, കവിയൂർ ഗ്രാമപഞ്ചായത്ത്, കുന്നന്താനം ഗ്രാമ പഞ്ചായത്ത് എന്നീ മൂന്നു തദ്ദേശ സ്ഥാപനങ്ങളിലായി വ്യാപിച്ചുകിടക്കുന്ന പാടശേഖരത്തിൽ മൂന്നു കരകളുടെയും സംഗമ സ്ഥാനമാണ് നാട്ടുകടവ്. വിതയുത്സവത്തോട് അനുബന്ധിച്ചുള്ള കർഷക സെമിനാർ 20 ന് കൃഷി മന്ത്രി വി.എസ് സുനിൽകുമാറിന്റെ സാന്നിധ്യത്തിൽ നാട്ടുകടവ് പരീപ്ര ക്ഷേത്രത്തിന്റെ ഓഡിറ്റോറിയത്തിൽ നടക്കും.

തിരുവല്ല നഗരസഭ ചെയർമാൻ ചെറിയാൻ പോളച്ചിറയ്ക്കലിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഹരിത കേരളം മിഷൻ സംസ്ഥാന ഉപാധ്യക്ഷ ഡോ.ടി.എൻ. സീമ മുഖ്യ പ്രഭാഷണം നടത്തി. ജില്ലാ പഞ്ചായത്തംഗവും കവിയൂർ പുഞ്ച കോർഡിനേറ്ററുമായ എസ്.വി സുബിൻ, ഹരിത കേരളം ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ ആർ.രാജേഷ്, തിരുവല്ല നഗരസഭാ കൗൺസിലർ അരുന്ധതി രാജേഷ്, മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശോശാമ്മ തോമസ്, കവിയൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് എലിസബത്ത് മാത്യു, കുന്നന്താനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.കെ.രാധാകൃഷ്ണക്കുറുപ്പ്, ജില്ലാ പഞ്ചായത്തംഗം സാം ഈപ്പൻ, മോഹൻകുമാർ, പ്രേംജിത്ത് പരുമല, കെ.സോമൻ, കൃഷി വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ കെ.എം. ശോശാമ്മ, മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രതിനിധികളായ കുഞ്ഞുകോശി പോൾ, ഓമനസുനിൽ, കെ.ദിനേശ്, കെ.ലതാകുമാരി, ഷിനി.കെ.പിള്ള, കവിയൂർ ഗ്രാമപഞ്ചായത്ത് പ്രതിനിധികളായ ഇ.സി കുഞ്ഞുഞ്ഞമ്മ, അജിതാ തമ്പി, അഖിൽ മോഹൻ, കുന്നന്താനം ഗ്രാമപഞ്ചായത്ത് പ്രതിനിധികളായ ടി.എൻ ശാന്തമ്മ, കൃഷി വകുപ്പ് ഉദ്യോഗസ്ഥരായ എം.പ്രീത, സിബി.റ്റി നീണ്ടിശ്ശേരി, ജോയ്സി കെ കോശി, സുഗതകുമാരി, ജിജിമോൾ.പി കുര്യൻ, സഹകരണസംഘം പ്രതിനിധികളായ അഡ്വ.കെ.പ്രകാശ് ബാബു, പി.എസ് ലാൽ, അഡ്വ.രജിത് കുമാർ, പാടശേഖരസമിതി അംഗങ്ങളായ രാജു മുണ്ടമറ്റം, ബാപ്പു കിഴക്കൻ മുത്തൂർ, കെ.അനിൽകുമാർ, രാജേഷ് കാടമുറി, പ്രസാദ് കുമാർ പാട്ടത്തിൽ, സതീഷ് കവിയൂർ, മാത്യു ചെറിയാൻ, ശശിധരൻ ആഞ്ഞിലിത്താനം, ഫിലിപ്പ് ഫിലിപ്പ്, സംഘാടകസമിതി അംഗങ്ങളായ പ്രകാശ് ബാബു, സജി.എം.മാത്യു, ഓമനക്കുട്ടൻ പള്ളിക്കുളങ്ങര, കെ.കെ കൊച്ചുമോൻ തുടങ്ങിയവർ പങ്കെടുത്തു. (പിഎൻപി 4062/18)

## മയക്കുമരുന്നുകൾക്ക് അടിമപ്പെട്ടവരെ മുഖ്യധാരയിലെത്തിക്കാൻ കഴിയണം - രാജു എബ്രഹാം എംഎൽഎ

മയക്കുമരുന്നുകളുടെ മായിക വലയത്തിൽപ്പെട്ട് സമൂഹത്തിൽ നിന്നും ഒറ്റപ്പെട്ടുപോയവരെ മുഖ്യധാരയിലേക്ക് തിരികെ കൊണ്ടുവരാൻ കഴിയണമെന്ന് രാജുഎബ്രഹാം എംഎൽഎ പറഞ്ഞു. വിമുക്തിയുടെ ഭാഗമായി റാന്നി താലൂക്ക് ആശുപത്രിയിൽ ആരംഭിച്ച ലഹരിവിമോചന കേന്ദ്രത്തിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ കേരളത്തിൽ എക്സൈസും മറ്റ് ബന്ധപ്പെട്ട വകുപ്പുകളും ചേർന്ന് പിടിച്ചെടുത്തത് 600 കോടി രൂപ വിലമതിക്കുന്ന മയക്കുമരുന്നാണ്. ഇതിന്റെ വിപത്ത് വളരെയേറെ ഗൗരവമേറിയതാണ്. ഈ സാഹചര്യം പരിഗണിച്ച് മയക്കുമരുന്നിന്റെ വ്യാപനം തടയുന്നതിനായി പൊതുജനങ്ങളും, ബന്ധപ്പെട്ട വകുപ്പുകളുടെയെല്ലാം ശക്തമായ ഇടപെടലുകൾ

നടത്തണമെന്നും അദ്ദേഹം അഭ്യർഥിച്ചു.

അനധികൃത മയക്കുമരുന്ന് വില്പനയാണ് കൂടുതൽ ആളുകളെ മയക്കുമരുന്നിന് അടിമയാക്കുന്നത്. ഇത് തടയുന്നതിലൂടെ മാത്രമേ സമൂഹത്തെ ഈ വിപത്തിൽ നിന്നും രക്ഷിക്കാൻ കഴിയൂ എന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി പറഞ്ഞു.

സംസ്ഥാനത്തെ ഏറ്റവും സൗകര്യം കൂടിയ ലഹരിവിമോചന കേന്ദ്രമാണ് റാന്നി താലൂക്ക് ആശുപത്രിയിൽ ആരംഭിച്ചിട്ടുള്ളതെന്ന് മുഖ്യപ്രഭാഷണം നടത്തിയ എക്സൈസ് കമ്മീഷണർ ഋഷിരാജ് സിംഗ് പറഞ്ഞു. കഴിഞ്ഞ രണ്ട് വർഷക്കാലളവിനുള്ളിൽ കേരളത്തിൽ 1000 കോടി രൂപയുടെ മയക്കുമരുന്ന് പിടിച്ചെടുത്തിട്ടുണ്ട്. ഇതിൽ 600 കോടിയും ഈ വർഷത്തെ കണക്കിൽ ഉൾപ്പെടുന്നതാണ്. 2014-ൽ 900 ആയിരുന്ന മയക്കുമരുന്ന് കേസുകളുടെ എണ്ണം 2018 ആയപ്പോഴേക്കും 12000 ആയി വർധിച്ചത് മയക്കുമരുന്ന് ഉപയോഗത്തിന്റെ വ്യക്തമാക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു. സ്കൂളുകളും കോളജുകളും കേന്ദ്രീകരിച്ച് നടത്തുന്ന ബോധവത്ക്കരണവുമായി ബന്ധപ്പെട്ട് ദിവസം 30 ക്ലാസുകൾ വരെ എടുക്കുന്നുണ്ട്. കൂടുതലും 15 മുതൽ 18 വരെ പ്രായമുള്ള കുട്ടികളെ ലക്ഷ്യമാക്കിയാണ് ബോധവത്ക്കരണം നടത്തുന്നതെന്നും കമ്മീഷണർ പറഞ്ഞു.

മയക്കുമരുന്നിനടിമപ്പെടുന്നവരെ സ്നേഹത്തോടെയുള്ള പരിചരണത്തിലൂടെ തിരിച്ചുകൊണ്ടുവരേണ്ട സാഹചര്യമുണ്ടാകണമെന്ന് ചടങ്ങിൽ സന്ദേശം നൽകിയ ജില്ലാ കളക്ടർ പി.ബി.നൂഹ് പറഞ്ഞു. കൊച്ചുകുട്ടികളുടെ കൈയിൽവരെ മയക്കുമരുന്ന് എത്തുന്ന രീതിയിലുള്ള മയക്കുമരുന്നിന്റെ ലഭ്യതയാണ് ഈ വിപത്ത് ഏറ്റവും കൂടുതൽ വ്യാപിക്കാൻ ഇടയാകുന്നത്. വൻതോതിൽ മയക്കുമരുന്ന് പിടിച്ചെടുക്കുന്നതിലൂടെ മനസ്സിലാകുന്നത് സ്കൂൾ, കോളജ്തലങ്ങളിലുള്ള 70 ശതമാനം കുട്ടികളും മയക്കുമരുന്നിന് അടിമപ്പെടാൻ സാധ്യതയുണ്ടെന്നാണെന്നും കളക്ടർ പറഞ്ഞു.

ചടങ്ങിൽ റാന്നി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഗിരിജാമധു, ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ കെ.ചന്ദ്രപാലൻ, ദക്ഷിണ മേഖലാ ജോയിന്റ് എക്സൈസ് കമ്മീഷണർ കെ.എ. ജോസഫ്, അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ എം.അൻസാരി ബീഗു, റാന്നി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശശികല രാജശേഖരൻ, ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.സി.എസ്.നന്ദിനി, ഗ്രാമപഞ്ചായത്തംഗം സി.ജി.വേണു ഗോപാൽ, ഹോസ്പിറ്റൽ മാനേജ്മെന്റ് അംഗങ്ങളായ പി.ആർ.പ്രസാദ്, അഡ്വ.ബേബിച്ചൻ വെച്ചൂച്ചിറ, പ്രൊഫ.തോമസ് അലക്സ്, അഡ്വ. ഷൈൻ ജി.കുറുപ്പ്, കെ.ആർ.ഗോപാലകൃഷ്ണൻ, പാപ്പച്ചൻ മേപ്രത്ത് തുടങ്ങിയവർ പങ്കെടുത്തു.

(പിഎൻപി 4063/18)

## കേരള വോളണ്ടറി യൂത്ത് ആക്ഷൻ ഫോഴ്സ് കലാജാഥയ്ക്കു സ്വീകരണം നൽകി

ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ സഹായിക്കുന്നതിനായി കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ് രൂപീകരിക്കുന്ന കേരള വോളണ്ടറി യൂത്ത് ആക്ഷൻ ഫോഴ്സിന്റെ പ്രചരണാർത്ഥം കാസർഗോടുനിന്നാരംഭിച്ച ഡ്രൈവ് എ തോൺ കലാജാഥയ്ക്കു ജില്ലയിൽ സ്വീകരണം നൽകി കോഴഞ്ചേരി സെന്റ് തോമസ് കോളേജ്, അടൂർ മാർക്രിസോസ്റ്റം ആർട്സ് & സയൻസ് കോളേജ്, ചുട്ടിപ്പാറ കോളേജ് ഓഫ് ആർട്സ് ആൻഡ് കോമേഴ്സിലെയും സ്വീകരണത്തിനുശേഷം വൈകിട്ട് 6.30 ന് ജാഥ അടൂർ ടൗണിൽ സമാപിച്ചു.

(പിഎൻപി 4064/18)

## പ്രത്യേക പത്രക്കുറിപ്പ്
## ഇന്ന് (16) രാത്രി പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ

ശബരിമല തീർഥാടനത്തോടനുബന്ധിച്ച് ജില്ലയിൽ ഇന്ന് (16) രാത്രി പ്രവർത്തിക്കുന്ന

മെഡിക്കൽ സ്റ്റോറുകൾ: സെന്റ് ലൂക്ക് ഹോസ്പിറ്റൽ പത്തനംതിട്ട, മൂക്കന്നൂർ മെഡിക്കൽസ് കോന്നി, പൊയ്യാനിൽ ഹോസ്പിറ്റൽ കോഴഞ്ചേരി, കുളത്തിൻകരോട്ട് മെഡിക്കൽസ് അടൂർ, നാസ് മെഡിക്കൽസ് മുട്ടാർ ജംഗ്ഷൻ പന്തളം, വൃന്ദാവൻ മെഡിക്കൽസ് തിരുവല്ല, നീതി മെഡിക്കൽ സ്റ്റോർ പെരുമ്പുഴ റാന്നി, ചെറിയത്ത് മെഡിക്കൽസ് കുമ്പളാംപൊയ്ക.

(പ്രത്യേക പത്രക്കുറിപ്പ് 63/18)

## നാളെ (17) രാത്രി പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ

ശബരിമല തീർഥാടനത്തോടനുബന്ധിച്ച് ജില്ലയിൽ നാളെ (17) രാത്രി പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ: ചെറിയത്ത് മെഡിക്കൽസ് മൈലപ്ര പത്തനംതിട്ട, അർച്ചന മെഡിക്കൽസ് കോന്നി, കൃപ മെഡിക്കൽസ് കോഴഞ്ചേരി, കൊച്ചുവിളയിൽ മെഡിക്കൽസ് അടൂർ, എക്സൽ മെഡിക്കൽ സ്റ്റോർ പന്തളം, ജൻ ഔഷധി കേന്ദ്ര പന്തളം, ബിലീവേഴ്സ് ചർച്ച് മെഡിക്കൽ കോളജ് ഹോസ്പിറ്റൽ തിരുവല്ല, ചള്ളുമാട്ട് മെഡിക്കൽസ് പഴവങ്ങാടി റാന്നി, താഴത്തില്ലത്ത് മെഡിക്കൽസ് വടശേരിക്കര.

(പ്രത്യേക പത്രക്കുറിപ്പ് 64/18)

## ഫോട്ടോ അടിക്കുറിപ്പ്

1) കേരള വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സിന്റെ പ്രചരണാഥമുള്ള കലാജാഥ അടൂരിൽ എത്തിയപ്പോൾ.
2) ഏറത്ത് ഗ്രാമ പഞ്ചായത്തിലെ ജനശക്തി വാർഡിൽ നിർമിക്കുന്ന ഗ്രാസ് ക്രിമിറ്റോറിയത്തിന്റെ നിർമ്മാണ ഉദ്ഘാടനം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബീനാ പ്രഭ നിർവഹിക്കുന്നു.
3) നവോഥാന മതിലുമായി ബന്ധപ്പെട്ട് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന തദ്ദേശഭരണ ഭാരവാഹികളുടെയും രാഷ്ട്രീയപാർട്ടിപ്രതിനിധികളുടെയും യോഗം.
4) കിഴക്കൻ മുത്തൂർ നാട്ടുകടവിൽ കവിയൂർ പുഞ്ചയിലെ വിതയുത്സവം അഡ്വ.മാത്യു.ടി.തോമസ് എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു.




**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**

# കേരള സർക്കാർ


**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**


**ഡിസംബർ 15**

**December 15** **2018**

***1193 വൃശ്ചികം 29 ശനി***

## പത്രക്കുറിപ്പ് -2


www.prd.kerala.gov.in, diopta1@gmail.com **ഫോൺ0468-2222657**


**നെൽകൃഷി വിത ഉത്സവം ഉദ്ഘാടനം ചെയ്തു**

തുമ്പമൺ ഗ്രാമപഞ്ചായത്ത് ഹരിത കർമ്മ സേനയുടെ നേതൃത്വത്തിൽ ആരംഭിച്ച നെൽക്കൃഷിയുടെ വിത ഉത്സവ ഉദ്ഘാടന കർമ്മം ഹരിത കേരള മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർ പേഴ്സൺ ഡോ. ടി.എൻ സീമ നിർവ്വഹിച്ചു. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് സഖറിയ വർഗ്ഗീസ് അദ്ധ്യക്ഷത വഹിച്ചു. കേരളത്തിൽ ആദ്യമായി കൃഷിയിറക്കുന്ന ഹരിത കർമ സേനാംഗങ്ങളാണ് തുമ്പമൺ ഗ്രാമപഞ്ചായത്തിലേതെന്നും ഇത് ചരിത്രത്തിന്റെ ഭാഗമാകുമെന്നും ഡോ. ടി. എൻ സീമ അഭിപ്രായപ്പെട്ടു. ഹരിത കേരളം മിഷൻ ജില്ലാ കോർഡിനേറ്റർ ആമുഖപ്രസംഗം നടത്തി. കൃഷി ഡെപ്യൂട്ടി ഡയറക്ടർ കെ.എം.ശോശാമ്മ പദ്ധതി വിശദീകരണം നൽകി . ജില്ലാ പഞ്ചായത്തംഗം ടി. മുരുകേഷ്, കൃഷി അസിസ്റ്റന്റ് ഡയറക്ടർ എ.ഡി.ഷീല, ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് അനിതാ മധു, ഗ്രാമ പഞ്ചായത്തംഗങ്ങളായ സി.കെ സുരേന്ദ്രൻ, റോസി മാത്യു, പാടശേഖര സമിതി പ്രസിഡന്റ്പി. കെ പ്രസാദ്, കൃഷി ഓഫീസർ എസ്.പുഷ്പ, ഹരിത കർമ സേന നോഡൽ ഓഫീസർ കെ. ധന്യ, സിഡിഎസ് ചെയർപേഴ്സൺ ഷൈനി രാജ് മോഹൻ എന്നിവർ സംസാരിച്ചു.

(പിഎൻപി 4065/18)

**യുവ പ്രതിഭ പുരസ്കാരത്തിനും യുവജന ക്ലബ്ബുകൾക്കുള്ള അവാർഡിനും അപേക്ഷിക്കാം**

സംസ്ഥാന യുവജനക്ഷേമ ബോർഡ് 2018-ലെ സ്വാമി വിവേകാനന്ദൻ യുവപ്ര

തിഭാ പുരസ്കാരത്തിനും, മികച്ച യുവജനക്ലബ്ബിനുള്ള അവാർഡിനും അപേക്ഷ ക്ഷണിച്ചു. വ്യക്തിഗത അവാർഡിനായി 18നും 40നും മധ്യേ പ്രായമുള്ളവർക്ക് അപേക്ഷിക്കാം. സാമൂഹ്യപ്രവർത്തനം, മാധ്യമപ്രവർത്തകൻ(പ്രിന്റ് മീഡിയ), മാധ്യമ പ്രവർത്തക (പ്രിന്റ് മീഡിയ), മാധ്യമ പ്രവർത്തകൻ (ദൃശ്യമാധ്യമം), മാധ്യമ പ്രവർത്തക(ദൃശ്യമാധ്യമം), കല, സാഹിത്യം(വനിത), സാഹിത്യം(പുരുഷൻ), ഫൈൻ ആർട്സ്, കായികം(വനിത), കായികം(പുരുഷൻ), ശാസ്ത്രം(പുരുഷൻ), ശാസ്ത്രം(വനിത), സംരംഭകത്വം, കൃഷി, എന്നീ മേഖലകളിൽ നിന്നും മികച്ച ഓരോ വ്യക്തിക്കു വീതം ആകെ 15 പേർക്കാണ് അവാർഡ് നൽകുന്നത്. അവാർഡിനായി സ്വയം അപേക്ഷ സമർപ്പിക്കുകയോ മറ്റൊരു വ്യക്തിയെ നാമനിർദ്ദേശം ചെയ്യുകയോ ചെയ്യാവുന്നതാണ്. ഈ വർഷം മുതൽ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിലെ മികച്ച യൂത്ത് കോ-ഓർഡിനേറ്റർക്ക് സംസ്ഥാനതലത്തിൽ അവാർഡ് ഏർപ്പെടുത്തിയിട്ടുണ്ട്. അതാത് മേഖലയിൽ വിദഗ്ദ്ധരുൾപ്പെടുന്ന ജൂറി അപേക്ഷകരുടെ പ്രവർത്തനങ്ങളെ വിലയിരുത്തിയാണ് ജേതാക്കളെ തെരെഞ്ഞെടുക്കുന്നത്. അവാർഡിന് അർഹരാകുന്നവർക്ക് 50,000 രൂപയും പ്രശസ്തിപത്രവും പുരസ്കാരവും നൽകുന്നു.

കൂടാതെ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള യൂത്ത്/യുവ ക്ലബ്ബുകളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. ജില്ലാതലത്തിൽ തെരഞ്ഞെടുക്കുന്ന മികച്ച ക്ലബ്ബിന് 30,000 രൂപയും പ്രശസ്തി പത്രവും പുരസ്കാരവും നൽകുന്നു. ജില്ലാതലത്തിൽ അവാർഡിനർഹത നേടിയ ക്ലബുകളെയാണ് സംസ്ഥാന തലത്തിലെ അവാർഡിനായി പരിഗണിക്കുന്നത്. സംസ്ഥാന അവാർഡ് നേടുന്ന ക്ലബ്ബിന് 50,000രൂപയും, പ്രശസ്തിപത്രവും, പുരസ്കാരവും നൽകുന്നതാണ്. ഇതിനായുള്ള അപേക്ഷകൾ 2018 ഡിസംബർ 25നുള്ളിൽ അതത് ജില്ലാ യുവജനകേന്ദ്രത്തിൽ ലഭിക്കേണ്ടതാണ്. മാർഗനിർദ്ദേശങ്ങളും അപേക്ഷഫോറവും കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് പത്തനംതിട്ട ജില്ലാ യുവജന കേന്ദ്രത്തിലും കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ വെബ് സൈറ്റിലും ലഭ്യമാണ്. (www.ksywb.kerala.gov.in) ഹെൽപ് ലൈൻ നമ്പർ – 0471 2733139, 0468 2231938.

(പിഎൻപി 4066/18)

## സൗദി എംബസി അറ്റസ്റ്റേഷൻ സേവനം നോർക്ക റൂട്ട്സിൽ തിങ്കളാഴ്ച മുതൽ

സൗദി അറേബ്യയിലേയ്ക്ക് പോകുന്ന കേരളത്തിൽനിന്നുള്ള ഉദ്യോഗാർഥികൾക്കായി സൗദി എംബസി സാക്ഷ്യപ്പെടുത്തൽ സേവനം തിങ്കളാഴ്ച (ഡിസംബർ 17) മുതൽ നോർക്ക റൂട്ട്സ് മുഖേന ലഭ്യമാകുമെന്ന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ കെ.ഹരികൃഷ്ണൻ നമ്പൂതിരി അറിയിച്ചു. നോർക്ക റൂട്ട്സിന്റെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് മേഖലാ ഓഫീസുകളിലാണ് ഈ സൗകര്യം ലഭ്യമാകുക. ഒരു സർട്ടിഫിക്കറ്റിന് 5,000 രൂപയാണ് ഫീസ്. കൂടാതെ, അതതു സർവ്വകലാശാലകളുടെ പരിശോധനാഫീസും നോർക്ക റൂട്ട്സിന്റെ സർവീസ് ചാർജും നൽകണം. കേരളത്തിലെ സർവ്വകലാശാലകൾ നൽകിയ വിദ്യാഭ്യാസ സർട്ടിഫിക്കറ്റുകളാണ് സാക്ഷ്യപ്പെടുത്തി നൽകുന്നത്. കൂടുതൽ വിവരങ്ങൾ www.norkaroots.net എന്ന വെബ്സൈറ്റിൽനിന്നോ 24 മണിക്കൂറും പ്രവർത്തിക്കുന്ന നോർക്ക റൂട്ട്സിന്റെ കാൾ സെന്ററിലെ 1800 425 3939 എന്ന നമ്പറിൽനിന്നോ ലഭിക്കും.

(പിഎൻപി 4067/18)

## അവലോകന യോഗം 18ന്

വകുപ്പ് അധ്യക്ഷരുടെയും ജില്ലാ കളക്ടർമാരുടെയും വാർഷിക സമ്മേളനയോഗത്തിന് മുന്നോടിയായുള്ള അവലോകന യോഗം 18ന് രാവിലെ 11.30ന് ജില്ലാ കളക്ടറുടെ ചേംബറിൽ ചേരും.

(പിഎൻപി 4068/18)

**ജില്ലാ ആസൂത്രണ സമിതിയോഗം**

ജില്ലാ ആസൂത്രണ സമിതിയുടെ അടിയന്തര യോഗം ഈ മാസം 19ന് ഉച്ചയ്ക്ക് ശേഷം മൂന്നിന് ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ ചേരും.

(പിഎൻപി 4069/18)

**ഫോട്ടോ അടിക്കുറിപ്പ്**

1) തുമ്പമൺ ഗ്രാമപഞ്ചായത്ത് ഹരിത കർമ സേനയുടെ നേതൃത്വത്തിൽ ആരംഭിച്ച നെൽക്കൃഷിയുടെ വിത ഉത്സവ ഉദ്ഘാടനം ഹരിത കേരള മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർ പേഴ്സൺ ഡോ. ടി.എൻ സീമ നിർവഹിക്കുന്നു.
2) റാന്നി താലൂക്ക് ആശുപത്രിയിൽ ആരംഭിച്ച ഡീഅഡിക്ഷൻ സെന്ററിന്റെ ഉദ്ഘാടനം രാജുഎബ്രഹാം എംഎൽഎ നിർവഹിക്കുന്നു.




**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ഡിസംബർ 15<br>December 15 | 2018 |
|---|---|

***1193 വൃശ്ചികം 29 ശനി***

# പത്രക്കുറിപ്പ് -3

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**ഖാദി പ്രദർശന വിപണനമേളയ്ക്ക് പത്തനംതിട്ടയിൽ തുടക്കമായി**

ഖാദി ഗ്രാമവ്യവസായ പ്രദർശന വിപണനമേളയ്ക്ക് പത്തനംതിട്ടയിൽ തുടക്കമായി ഖാദി ബോർഡ് വൈസ് ചെയർപേഴ്സൺ ശോഭനാജോർജ്ജ് ടൗൺഹാളിൽ മേള ഉദ്ഘാടനം ചെയ്തു. ഖാദി ബോർഡ് സെക്രട്ടറി ടി.വി കൃഷ്ണകുമാർ അധ്യക്ഷത വഹിച്ച ചടങ്ങിൽ സംസ്ഥാന ചലച്ചിത്ര അവാർഡ് ജേതാവ് ഒ.എസ് ഉണ്ണികൃഷ്ണൻ, ഖാദി ബോർഡ് ഡയറക്ടർമാരായ കെ.എസ് പ്രദീപ് കുമാർ, പി.ശ്യാംകുമാർ, ജില്ലാ പ്രോജക്ട് ഓഫീസർ പി.കെ അനുമോദ്, ഇടുക്കി ജില്ലാ പ്രോജക്ട് ഓഫീസർ ആന്റോ ജോസഫ്, ഖാദി ബോർഡ് ഇൻഫർമേഷൻ ഓഫീസർ പി.എൻ അജയകുമാർ തുടങ്ങിയവർ പങ്കെടുത്തു.

ഉദ്ഘാടനത്തോടനുബന്ധിച്ച് സെന്റ് പീറ്റേഴ്സ് ജംഗ്ഷൻ മുതൽ ടൗൺ ഹാൾ വരെ വിളംബര ഘോഷയാത്ര സംഘടിപ്പിച്ചു. 25 വിപണന സ്റ്റാളുകളും അഞ്ച് പ്രദർശന സ്റ്റാളുകളും ആണ് മേളയിലിടം പിടിച്ചിരിക്കുന്നത്. കേരള ഖാദി ഗ്രാമവ്യവസായ ബോർഡും ഖാദി ഗ്രാമവ്യവസായ കമ്മീഷനും വ്യവസായവകുപ്പും നടപ്പിലാക്കി കൊണ്ടിരിക്കുന്ന പിഎംഇജിപി പദ്ധതിയിലെ യൂണിറ്റുകളുടെയാണ് പ്രദർശന വിപണന മേള. നൂൽ നൂൽപ്പ്, നെയ്ത്ത്, കളിമണ്ണുപകരണ നിർമാണം തുടങ്ങിയവയാണ് പ്രദർശന സ്റ്റാളുകളിൽ പ്രധാനപ്പെട്ടവ. കൂടാതെ, . ആയുർവേദ ഉൽപ്പന്നങ്ങൾ,മരുന്നുകൾ, തേൻ ഉത്പന്നങ്ങൾ, ആഭരണങ്ങൾ, തുണിത്തരങ്ങൾ, വാച്ച് തുടങ്ങിയവയാണ് പ്രദർശനമേളയിലുള്ളത്.

തുണിത്തരങ്ങൾക്ക് റിബേറ്റ് ഏർപ്പെടുത്തിയിട്ടുണ്ട്. മേളയോട് അനുബന്ധിച്ച് എല്ലാ ദിവസവും സാംസ്കാരിക കലാസന്ധ്യ അരങ്ങേറും. ഉദ്ഘാടന ദിനമായ ഇന്നലെ ബാനർജി ആൻഡ് പാർട്ടി ശാസ്താംകോട്ട അവതരിപ്പിച്ച നാടൻപാട്ട് അരങ്ങേറി. ഇന്ന്(16) വൈകിട്ട് വഞ്ചിപ്പാട്ട് മത്സരം നടക്കും. രാവിലെ 10 മുതൽ വരെ ഏഴ് വരെയായിരിക്കും സ്റ്റാളുകൾ പ്രവർത്തിക്കുക. 23ന് മേള സമാപിക്കും.

(പിഎൻപി 4070/18)

## ഫോട്ടോ അടിക്കുറിപ്പ്

1)ഖാദി ഗ്രാമവ്യവസായ പ്രദർശന വിപണനമേള പത്തനംതിട്ട ടൗൺഹാളിൽ ഖാദി ബോർഡ് വൈസ് ചെയർപേഴ്സൺ ശോഭനാജോർജ്ജ് മേള ഉദ്ഘാടനം ചെയ്യുന്നു.

2) ഖാദി ഗ്രാമവ്യവസായ പ്രദർശന വിപണനമേളയിൽ പ്രദർശിപ്പിച്ചിരിക്കുന്ന കൈത്തറി ബോർഡ് ചെയർ പേഴ്സൺ ശോഭനാജോർജ്ജ് നോക്കി കാണുന്നു


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.


**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**